കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2016-17**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

**e-mail:dopkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി13/1765/2017

കേരള സംസ്ഥാന ഓഡിറ്റ് വക

ജില്ലാ ഓഡിറ്റ് കാര്യാല

പാലക്കാട്, തീയതി-1.11.2

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫ ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയി വ്യവസ്ഥകൾ പ്രകാരം കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേര ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കാ ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾ ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവ ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കാ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡ സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധ ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാ (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് ര പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണു

വിശ്വസ്തതയോ

ഡെപ്യൂട്ടി ഡയറ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി13/1765/2017 തിയ്യതി:01.11.2017

## പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തി വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളി ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തി വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 14-16 മുതൽ 13-08-17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരി അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുക എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡ അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഉ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തു നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേ വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ് കുമാർ. പി.എം. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-08-2017 മുതൽ 24.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എം.വി.ബീന ഓഡിറ്റർ |
| | കുമാരി.പി.കാർത്തിക ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | മുഹമ്മദ് നൂറുദ്ദീൻ | 01-04-16 മുതൽ 04-02-17 വരെ |
| | കദീജ.എം.കെ | 05-02-17 മുതൽ 27-02-17 വരെ |
| | സുലൈഖ ജമീല ഉമ്മർ | 28-02-17 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ഷാജു.പി.എ | 01-04-16 മുതൽ 31-07-16 വരെ |
| | ശ്രീദേവി അമ്മ.കെ (ഇൻചാർജ്ജ്) | 01-08-16 മുതൽ 03-11-16 വരെ |

| | | |
|---|---|---|
| | ഹരിലാൽ. D.B | 04-11-16 മുതൽ 13-11-16 വരെ |
| | സി.അബ്ദുൾസലാം | 14-11-16 മുതൽ 26-12-16 വരെ |
| | എസ്.സജീവ് | 26-12-16 മുതൽ 31-03-17 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.രശ്മി.എം.ബി | 01-4-16 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശാന്ത.കെ | 01-04-16 മുതൽ 02-06-16 വരെ |
| | ശ്രീമതി.ധന്യ രവി | 03-06-16 മുതൽ 31-03-17 വരെ |
| പ്രധാന അധ്യാപകൻ | ശ്രീ.മോഹനൻ.യു.പി | 01-04-16 മുതൽ 02-06-16 വരെ |
| | ശ്രീ.ജോജോ മാത്യു | 03-06-16 മുതൽ 31-03-17 വരെ |
| വി.ഇ.ഒ | ശ്രീ.ജിതേഷ് എം.എസ് | 01-04-16 മുതൽ 11-06-16 വരെ |
| | ശ്രീ.ജിതീഷ് | 12-06-16 മുതൽ 19-07-16 വരെ |
| | ശ്രീ. ജയൻ | 20-07-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.കമലാക്ഷി | 01-04-16 മുതൽ 08-07-16 വരെ |
| | ശ്രീമതി.ധനലക്ഷ്മി.എം.കെ | 09-07-16 മുതൽ 16-09-16 വരെ |
| | ശ്രീമതി.ഷഹന | 17-09-16 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീദേവിഅമ്മ.കെ | 01-04-16 മുതൽ 03-11-16 വരെ |
| | ശ്രീ. ഹരിലാൽ. D.B | 04-11-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | ഡോ.സിദ്ദിഖ് | 01-04-16 മുതൽ 01-07-16 വരെ |
| | ഡോ.രോഹിണി | 02-07-16 മുതൽ 31-03-17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഷാബു | 01-4-16 മുതൽ 31-03-17 വരെ |
| വെറ്ററിനറി സർജൻ | ഡോ. അനീഷ് രാജ് | 01-4-16 മുതൽ 31-03-17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജാസ്മിൻ.സി.ജെ | 01-4-16 മുതൽ 31-03-17 വരെ |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

നിയമസഭാ പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ 30.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാ പ്രകാരം 2015-16 ലെ ബജറ്റ് അതേപടി അംഗീകരിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ബ പുതുക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 2017 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 3826868

വരവ് - 36862489

ആകെ - 40689357

ചെലവ് - 30113359

നീക്കിയിരിപ്പ്- 10575998

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 9940965 | 9940965 | 8228147 | 1712818 | 0 | 82.77 |
| വികസന ഫണ്ട് എസ് സിപി | 0 | 6474962 | 6474962 | 986970 | 5487992 | 0 | 15.24 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 16736940 | 16736940 | 495462 | 16241478 | 0 | 2.96 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2723235 | 2723235 | 678980 | 2044255 | 0 | 24.93 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5574935 | 5574935 | 5566872 | 8063 | 0 | 99.85 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 2919532 | 2919532 | 2911320 | 8212 | 0 | 99.72 |
| പെർഫോമൻസ് ഗ്രാന്റ് (State) | 0 | 0 | 0 | 0 | 0 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 63464041 | 48 | 19498839 | ---- | 216 | 18.18% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 3 | 2805025 | 478800 | 17 |
| വെറ്ററിനറി സർജൻ | 3 | 2 | 1000000 | 181250 | 18 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 8 | 6 | 892635 | 813780 | 91 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 335000 | 335000 | 100 |
| വി.ഇ.ഒ. | 6 | 5 | 7342739 | 4991375 | 68 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 3063800 | 2831383 | 92 |
| സെക്രട്ടറി | 18 | 11 | 6749687 | 4932605 | 73 |
| പ്രധാനാദ്ധ്യാപിക | 3 | 2 | 1200000 | 1100000 | 92 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 196 | 4 | 32808209 | 495462 | 1.5 |
| അസിസ്റ്റന്റ്സെക്രട്ടറി | 15 | 7 | 7166946 | 3239184 | 45 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100000 | 100000 | 100 |
| ആകെ | 264 | 48 | 63464041 | 19498839 | 31 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6.6ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2556640 | 2705397 | 148757 | 5.82(+) |
| നികുതിയേതര വരവുകൾ + മറ്റ് വരവുകൾ | 406477 | 453420 | 46943 | 11.55(+) |
| ആകെ | 2963117 | 3158817 | 195700 | 6.6(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | തീരുമാനം എടുത്തവയിൽ നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 2 | 2 | ----- |
| 2 | തൊഴിൽ രഹിത വേതനം | 2 | 2 | 2 |
| 3 | വിധവാ പെൻഷൻ | 63 | 63 | 6 |
| 4 | വികലാംഗ പെൻഷൻ | 20 | 20 | 5 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | -- |
| 6 | വാർദ്ധക്യകാല പെൻഷൻ | 343 | 343 | 76 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാ ബാലൻസ് പരിശോധന 19-08-17 തിയതിയിൽ 2.30PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 39499/- രൂപ നീക്കിയിരിപ്പിന്റെ കൃത്യ പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-07-17 | 01-05-17 മുതൽ 30-06-17 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-03-10 മുതൽ 11-03-10 വരെ | 2004-05 മുതൽ 2008-09 വരെ | 09-04-10 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

A) 27.04.2015 ലെ സ.ഉ (എം.എസ്) നം.144/15/തസ്വഭവ പ്രകാരം 60m$^2$ (660 ചതുരശ്ര അ: വരെ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ 2015-16 വർഷം മുത വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണ രേഖകൾ പരിശോധിച്ചതിൽ 60m$^2$ കൂടുതൽ വിസ്തീർണ്ണമുള്ള താഴെ പറയു കെട്ടിടത്തെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിധ വിവരം ചുവടെ ചേർക്കുന്നു.

നിർണ്ണയിക്കേണ്ട നികുതി നിരക്ക് - 5/ച.കി.

| ഫോറം 6 പ്രകാരം | | | | | |
|---|---|---|---|---|---|
| ക്രമ നം. | നം, കെട്ടിട ഉടമയുടെവാർഡ് / കെട്ടിട പേര് | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | ഇളവ് / വർദ്ധനവ് | നിർണ്ണയി ക്കേണ്ട നികുതി | നിർണ്ണയിച്ച നികുതി |
| 1 | 17/359 ബാലചന്ദ്രൻ, പാലശ്ശേരി, ചുണ്ടമ്പറ്റ | 102 | ഇല്ല | 510 | 0 |

B) താഴെ പറയുന്ന ഓഡിറ്റോറിയം പ്രവർത്തിക്കുന്ന കെട്ടിടത്തെ പാർപ്പിടാവശ്യത്തിനായി പരിഗണിച്ച് വസ്തുനികുതി നിർണയിച്ചിരിക്കുന്നു.

| കെട്ടിട നം./ വാർഡ് നം. | ഡി&ഒ ക്രമ നം. | ഉപയോഗം | വിസ്തീർണ്ണം | ബാധകമായ ഇളവ് / വർദ്ധനവ് | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറ |
|---|---|---|---|---|---|---|---|
| 588/13 | 34/16-17 | ഗോൾഡ് സ്റ്റാർ ഓഡിറ്റോറിയം | 130m$^2$ | ഇളവ് -10% (കാലപ്പഴക്കം) വർദ്ധനവ്-20% (വഴി സൗകര്യം) | 300(പഴയ നികുതിയാണ് ഈടാക്കി യിരിക്കുന്നത്) | 5720 | 5420 |

പഞ്ചായത്ത് ഈടാക്കുന്ന നികുതി നിരക്കുകൾ പ്രകാരം പാർപ്പിടാവശ്യത്തിന് 5/-രൂ നിരക്കിലും ഓഡിറ്റോറിയങ്ങൾക്ക് 40/-രൂപ നിരക്കിലും ആണ് നികു ഈടാക്കേണ്ടത്. ടി കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി ഉൾപ്പെടുത്തി നികു നിർണ്ണയിച്ചത് മൂലം വസ്തു നികുതിയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി,കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളു വസ്തുനികുതി കുടിശ്ശിക (31-03-2017 വരെ) സംബന്ധിച്ച വിവരങ്ങൾ ചുവ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഈടാക്കേണ്ട വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക (31-03-2017 വരെ) |
|---|---|---|---|---|---|
| 1 | 6/43 | തത്തനംപുള്ളി | BSNL | 7560 | 37800 (2012-13 മുതൽ) |
| 2 | 17/6A | ചുണ്ടംപറ്റ | ATC ടെലികോം | 6353 | 19059 (2014-15 മുതൽ) |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമാ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നത് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതാ കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയു വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-6 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സ.ഉ (എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക ഫീസ് 25000 രൂപയാണ്.

മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുക റഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയു വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം ഉണ്ടാകാതിരിക്കുവാ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. **തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരു ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വി വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, തത്തനംപുള്ളി | 2 | ഒന്നാം അർദ്ധവർഷം 1050/- | രണ്ടാം അർദ്ധ വർഷം |
| 2 | കുലുക്കല്ലൂർ പഞ്ചായത്ത് കാർഷിക ഉൽപ്പാദന സംഭരണ സംസ്കരണ വിപണന ക്രെഡിറ്റ് സഹകരണ സംഘം | 4 | ഒന്നാം അർദ്ധവർഷം 1650/- | രണ്ടാം അർദ്ധ വർഷം |

ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപ സ്വീകരിക്കേണ്ടതാണ്.

2. **സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

ബി. എസ്. എൻ. എൽ, മുളയങ്കാവ് എന്ന സ്ഥാപനത്തിന്റെ 2016-17 സാമ്പത്തി വർഷത്തിലെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽനികു ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

100. **സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികു ഈടാക്കിയിട്ടില്ല**

2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച ഗ്രാമ പഞ്ചായ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളി ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം./ വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 488/13 | മയൂഖ വെഡ്ഡിംഗ് & ഷോപ്പിംഗ് മാൾ | 6 |
| 2 | 655/17 | ജാസ്മിൻ പേപ്പർ കവർ ട്രേഡിംഗ് | 8 |

| | | | |
|---|---|---|---|
| | | കമ്പനി | |
| 3 | 187A/12 | ആസ്പെക്ക് ഫർണിച്ചർ | 6 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ, തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടു മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക ഈയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലു പഞ്ചായത്ത് കോമ്പൗണ്ടിലുള്ള കെട്ടിടം കുടുംബശ്രീ വനിത കാന്റ് പ്രവർത്തിക്കുന്നതിനായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് സ്ഥാപനവുമായി വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല. എപ്രിൽ/16 മുതൽ മെയ് വരെയുള്ള വാടക 4649/- രൂപ പലിശ സഹിതം 25-05-17 തിയതിയിൽ അടച്ചിട്ടു വാർഷിക ധനകാര്യ പത്രികയിൽ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ ബാലൻ ഷീറ്റിൽ കുടിശ്ശിക പിരിച്ചെടുക്കാനുള്ളവയിൽ ഉൾപ്പെടുത്തുകയോ ചെയ്തതിട്ടി രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 മുതൽ പ്രതിമാസ വാടക 300/- രൂപയാ ഈടാക്കുന്നത്. വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. അപാകതക പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ. വിഹിതം നിക്ഷേപിക്കുന്നതിനു വേണ്ടി മു വർഷങ്ങളിൽ ആരംഭിക്കുകയും എന്നാൽ കാലാകാലങ്ങളായി ഇടപാടുക ഇല്ലാത്തതുമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട് അവയു വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|
| കനറാ ബാങ്ക്, വിളയൂർ | അക്കൗണ്ട് നം. 14375 | 44480/- |

അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.6 തിയതി-17-8-2017)

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡി നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ്ജ് കുറവു ചെയ്യേണ്ടതാണ്

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ പുലാമന്തോൾ, കൊപ്പം, വല്ലപ്പുഴ എന്നീ മൂന സെക്ഷനുകളുടെ കറന്റ് ചാർജ്ജ് കൊപ്പം സെക്ഷനിലാണ് ഒടുക്കുന്നത്.

- തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഏകദേശം ₹.261816/- രൂ പ്രതിവർഷം പഞ്ചായത്ത് ഒടുക്കുന്നുണ്ട്. നിലവിൽ തെരുവുവിളക്കുകളു പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ രേഖകൾ പ്രകാരമുള്ള കൃത്യതയില്ലാത്ത കണക്കനുസരിച്ചാ ഗ്രാമപഞ്ചായത്തിൽ KSEBയിൽ നിന്നും ലഭ്യമാക്കിയ തെരുവു വിളക്കുകളു എണ്ണം സംബന്ധിച്ച കണക്കു മാത്രമാണ് ഉള്ളത്. തെരുവു വിളക്കുകളുടെ കറ ചാർജ് സംബന്ധിച്ച് KSEB സമർപ്പിക്കുന്ന ഇൻവോയ്സ് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

- KSEB അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊപ്പത്തിന്റെ BB/St.Lt./16-17/20/ dt.21.6.16 ലെ കത്ത് പ്രകാരം താഴെ പറയുന്ന എണ്ണം തെരു വിളക്കുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | | |
|---|---|---|---|---|
| | | കൺസ്യൂമർ നം. 29604 | കൺസ്യൂമർ നം. 6868 | കൺസ്യൂമർ നം. 34839 |
| 1 | സാധ്യാരണ ലാമ്പ് - 40 W | --- | 27 | |
| 2 | സാധ്യാരണ ലാമ്പ് - 60 W | | 77 | |
| 3 | സോഡിയം വേപ്പർ ലാമ്പ്-250 W | 17 | | |
| 4 | സി.എഫ്.എൽ 44W | 4 | | |
| 5 | സി.എഫ്.എൽ 22W | | 83 | |
| 6 | ഫ്ലൂറസെന്റ് ലാമ്പ് 2*40W | | 19 | |
| 7 | ഫ്ലൂറസെന്റ് ലാമ്പ് 1*40W | | 37 | |
| 8 | ഹൈ മാസ്റ്റ് ലാമ്പ് | | | 1 |
| | ആകെ | 21 | 243 | 1 |

തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി ഗ്രാമപഞ്ചായ KSEBയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്കുകൾ പ്രകാരം 60വാട്ടിന്റെ 77 സാധാരണ ലാമ്പുകൾക്കും 40 വാട്ടിന്റെ 27സാധാരണ ലാമ്പുകൾക്കും കൂടി ഉൾപ്പെടെയാണ് ചാർജ്ജ് ഈടാക്കുന്നത്. വൈദ്യു ബോർഡിന്റെ കണക്കിലെ കൃത്യത പരിശോധിച്ച് യഥാർത്ഥത്തിൽ നിലവിലു പ്രവർത്തനക്ഷമമായ ലാമ്പുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെ ഉറപ്പുവരുത്തിയിട്ടില്ല.

- ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർ അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദാ

ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്.ബി.)നമ്പർ 496/2004 (എൽ.ജി /സി.ഒ .എം. 3515/ തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) പ്രകാരം സർക്ക നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനു നടപടികൾ സ്വീകരിച്ചിട്ടില്ല.

- തെരുവു വിളക്കു സ്ഥാപിക്കൽ (പ്രൊജക്ട് നം. 11/17) എന്ന പദ്ധതി പ്രകാരം 3513 രൂപ പിൻവലിച്ച് KREWS മുഖാന്തിരം 102 എണ്ണം LED വിളക്കുകൾ സ്ഥാപിച്ചിട്ടു എല്ലാ വാർഡുകളിലെയും തെരുവു വിളക്കുകൾ മാറ്റി സ്ഥാപിച്ചു എന്ന് വാർ മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. KSEBയ്ക്ക് 15300/- രൂപ സൂപ്പർവിഷൻ ചാ ഉൾപ്പെടെയാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത് എങ്കിലും KSEBയി സൂപ്പർവിഷൻ ചാർജ് ഒടുക്കിയിട്ടില്ല. കൂടാതെ എത്ര എണ്ണം തെരുവുവിളക്കുക മാറ്റി സ്ഥാപിച്ചു എന്നത് സംബന്ധിച്ച് KSEBയിൽ നിന്നും സാക്ഷ്യപ ലഭ്യമാക്കിയിട്ടില്ല.

- സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കൽ (പ്രൊജക്ട് നം. 264, 273) എ പദ്ധതികൾ പ്രകാരം 153 (102 +51) സോളാർ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

മേൽ പദ്ധതികൾ പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എങ്കില വൈദ്യുതി ചാർജ് ഇനത്തിൽ ആനുപാതിക കുറവു വരുത്താനുള്ള നടപടിക ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

*ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

*ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മ പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

*കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരു വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി പ്രവർത്തിക്കാത്ത വിളക്കുകൾ ചാർജ് അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

*തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയി തെരുവു വിളക്ക് മെയ്റ്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായ മുഖേന ലഭിച്ച തുകയിൽ 2165177/- രൂപ ചെലവഴിക്കാതെ സെൻട്രൽ ഫ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്ത വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 639384 |
| വരവ് | 756090 (Treasury TSB A/c.) |
| | |

| | |
|---|---|
| | 407637 (Co.op Bank, Nellaya<br><br>(A/c.No.5260) |
| ആകെ | 1803111+ 51624 (പലിശ) |
| ചെലവ് | 202543 |
| നീക്കിയിരുപ്പ് | 1652192 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാ പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തി ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾ സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾ കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യു മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുക ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലാ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെ നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 എെ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനു വേണ്ടി തൻവർഷത്തിൽ പ്രൊജ ആവിഷ്കരിച്ച് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തൻവർഷം ലക്ഷ കൈവരിച്ചിട്ടില്ല. 2015-16 വർഷത്തിൽ ഭാഗികമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കില തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.
ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി
**പ്രോജക്റ്റ് - 9/17-എെ.എസ്.ഒ സർട്ടിഫിക്കേഷൻ**

| | |
|---|---|
| അടങ്കൽ | 210108 (വികസന ഫണ്ട്) |
| | 74892(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ആകെ | 285000 |

ചെലവ് - ഇല്ല

എെ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/ ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയി പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.
2. ഓഫീസ് സംവിധാനത്തിൻെറയും വിഭവങ്ങളുടെയും കാര്യക്ഷമതയ ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.
3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.
4. ജനാഭിലാഷം വിശകലന വിധേയമാക്കി സേവനപ്രധാന സംവിധാ തുടർച്ചയായി മെച്ചപ്പെടുത്തുക

5. ഓഫീസ് സംവിധാനവും, ഭരണ സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്
തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

6. പശ്ചാത്തല സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാ
നിർണ്ണയിക്കുകയും നില നിർത്തുകയും ചെയ്യുക.

7. പ്രകൃതി സംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളത
ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

8. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ
സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത
ഉറപ്പുവരുത്തുന്ന രീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

പദ്ധതി നടപ്പിലാക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17/24.8.17 ന് 2017 വർഷം 500000/- രൂപ അടങ്കലിൽ തുക വകയിരുത്തി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്ന തൻവർഷം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഐ.എസ് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും

തുടർ നടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-4 സെക്രട്ടറിയുടെ ട്രഷറി ബിൽബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

IKM ചെലവു പത്രിക പ്രകാരം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ ട്രഷ ബിൽബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സെക്രട്ടറി നിർവ്വഹി പ്രൊജക്ടുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | ബിൽ നം./ വൗച്ചർ നം./ തീയതി | ചെലവ് തുക |
|---|---|---|---|---|
| 1 | 8 | ചുണ്ടമ്പറ്റ ജി.യു.പി.സ്ക്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ | 51600635/22.2.17<br>21600633/22.2.17 | 357780 |
| 2 | 11 | തെരുവു വിളക്ക് സ്ഥാപിക്കൽ | 51600634/22.2.17<br>21600632/22.2.17 | 351390 |
| 3 | 149 | കേരളോത്സവം 2016-17 | 5160768/31.3.17<br>21600770/31.3.17 | 50000 |
| 4 | 153 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിക്ക് വിഹിതം നൽകൽ | 51600634/22.2.17<br>21600634/22.2.17 | 350000 |
| 5 | 155 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ലഭ്യമാക്കൽ | 51600723/20.3.17<br>21600720/20.3.17 | 199500 |
| 6 | 264 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | 51600769/31.3.17<br>21600769/31.3.17 | 1927800 |

| | | | | |
|---|---|---|---|---|
| 7 | 273 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | 51600770/31.3.17<br>21600768/31.3.17 | 983520 |
| 8 | 277 | കേരള സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ | 51600633/22.2.17<br>21600631/22.2.17 | 350000 |
| 9 | 148 | ഐ.കെ.എം. വിഹിതം നൽകൽ | 51600637/22.2.17<br>21600635/22.2.17 | 93445 |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/24.8.17ന് സെക്രട്ടറിയു 2016-17വർഷത്തെ ബിൽബുക്ക് ട്രഷറിയിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല എന്നാ അറിയിച്ചത്. എന്നാൽ ബിൽ ബുക്കിനായി ട്രഷറിയിൽ കത്ത് നൽകിയപ്പോൾ 2017 വർഷത്തേക്ക് പുതിയ ബിൽ ബുക്ക് അനുവദിക്കുകയാണ് ഉണ്ടായത് എന്ന് മറുപ ലഭ്യമാക്കിയിട്ടുണ്ട്. ബിൽബുക്ക് ട്രഷറിയിൽ നിന്നും തിരികെ വാങ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 വിവിധ പർച്ചേസുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല

പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാ വാങ്ങലുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ആയതിനാൽ വാങ്ങലുകൾ നിയമാനുസൃതമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങ സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) 259/2010/തസ്വഭ തീയതി 8.11.2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാങ്ങൽ കമ്മിറ്റിയു മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. ഉ നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | ബിൽ നം./ വൗച്ചർ നം. തീയതി | തുക |
|---|---|---|---|
| 8 | ചുണ്ടമ്പറ്റ ജി.യു.പി.സ്ക്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ | 51600635/22.2.17<br>21600633/22.2.17 | 357780 |
| 155 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ലഭ്യമാക്കൽ | 51600723/20.3.17<br>21600720/20.3.17 | 199500 |
| 264 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | 51600769/31.3.17<br>21600769/31.3.17 | 1927800 |
| 273 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ | 51600770/31.3.17<br>21600768/31.3.17 | 983520 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/24.8.17ന് പ്രസ്തു വാങ്ങലുകൾക്ക് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുന്നതിന് പ്രൊക്യുർമെന്റ് കമ്മ് അംഗീകാരം ലഭിച്ചിരുന്നു. തൊട്ടടുത്ത കമ്മിറ്റിയിൽ വെച്ച് സാധൂകരണ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സാധനങ്ങ സേവനങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട സമാഹരണ മാർഗ്ഗരേഖാ നിർദ്ദേശങ്ങ പാലിക്കേണ്ടതാണ്.

## 3-6 പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതാണ്

2013-14 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി കൃഷി പദ്ധതി നടത്തിപ്പി വേണ്ടി ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹. 32100/-, 2013-14, 2014-15സാമ്പത്തി വർഷങ്ങളിൽ പൈപ്പ് കംപോസ്റ്റ് പദ്ധതി നടത്തിപ്പിനു വേണ്ടി ₹. 1080/- രൂപ എന്ന് ഉൾപ്പെടെ 33180/- രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കിയി പൈപ്പ് കംപോസ്റ്റ് പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. 2016-17 വാർഷി ധനകാര്യ പത്രിക പ്രകാരം (AFS Schedule B-4) ഉള്ള ₹. 155145/- രൂപയിൽ പൈപ്പ് കമ്പോ പദ്ധതിയ്ക്കായുള്ള 33180/- രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെയ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ല. ആയത് തിരികെ നൽകുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതിക നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം./ വൗച്ചർ നം./ തീയതി | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 153/17 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിക്ക് വിഹിതം നൽകൽ | 51600634/22.2.17<br>21600634/22.2.17 | 350000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട് |
| 277/17 | കേരള സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ | 51600633/22.2.17<br>21600631/22.2.17 | 350000 | എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം |
| 148/17 | ഐ.കെ.എം. വിഹിതം നൽകൽ | 51600637/22.2.17<br>21600635/22.2.17 | 93445 | ഗ്രൂപ്പ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം |
| ആകെ | | | 793445 | |

ട്രഷറി ബിൽബുക്ക് ഹാജരാക്കാത്തതിനാൽ തുക കൈമാറിയതിന്റെ വിവ ലഭ്യമായിട്ടില്ല. പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനത്തിന് കൈമാറിയതിന്റ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/24.8.17ന് ബന്ധപ്പെ സ്ഥാപനങ്ങളിൽ നിന്നും രശീതിയും, വിനിയോഗസാക്ഷ്യപത്രവ ലഭ്യമാക്കുന്നതാണ് എന്നും ആയത് ലഭിക്കുന്നമുറക്ക് ഉടൻതന്നെ ഹാജരാക്കുന്നതാ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക നൽകിയതിന്റെ വിവരങ്ങളും വിനിയോ സാക്ഷ്യപത്രവും ഹാജരാക്കുന്നതു വരെ ₹. 793445 യുടെ ചെലവു തുക തടസ്സത്തി വെയ്ക്കുന്നു.

## 3-8 ചെലവ് രേഖകൾ ഹാജരാക്കിയില്ല

വൗച്ചർ നം. 21600487/21.12.16 പ്രകാരം തനതു ഫണ്ടിൽ നിന്നും 2091/- പിൻവല് കൃഷി ഓഫീസർക്ക് ഫോട്ടോകോപ്പി ചാർജ്ജ് ഇനത്തിൽ നൽകിയിട്ടുണ്ട് (ചെക്ക് ന 3095/20.12.19). കൃഷി ഓഫീസർ സമർപ്പിച്ച ഇൻഫോടെക് കമ്പ്യൂട്ടർ അക്കാദമി എ സ്ഥാപനത്തിന്റെ 1251/11.7.16 നം. ബില്ലിൽ മാർച്ച് മുതൽ ജൂൺ വരെ എടുഠ ഫോട്ടോസ്റ്റാറ്റ്, ഡിടിപി ചാർജ് എന്നാണ് എഴുതിയിട്ടുള്ളത്. സെക്രട്ടറിയുടെ 25.10.166 കത്ത് പ്രകാരം ഏത് ആവശ്യങ്ങൾക്കാണ് ഫോട്ടോകോപ്പി എടുത്തത് എന്ന കാര വ്യക്തമാക്കി ബിൽ പുന:സമർപ്പിക്കണമെന്ന് കൃഷി ഓഫീസർക്ക് കര നൽകിയിട്ടുണ്ട്. എന്നാൽ ഭരണസമിതിയുടെ 13(20) നമ്പർ തീരുമാന പ്രകാരം തു അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/24.8.1 കൃഷി ഓഫീസറിൽ നിന്നും പ്രസ്തുത ബിൽ സംബന്ധിച്ച വിശദീകരണം ലഭ്യമാക ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദീകരണ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 വാഹനത്തിന്റെ ഉപയോഗം - അപാകതകൾ

KL52-8758 എന്ന നമ്പറിലുള്ള ബോലേറോ എന്ന വാഹനമാണ് ഗ്ര പഞ്ചായത്തിലുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹ ഉപയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ (സ (എം.എസ്.)നം. 170/07/ത.സ്വ.ഭ.വ., തീ. 30.06.07, സർക്കുലർ നം 41/2008/ധനം. തീ. 02.08.20 നിർദ്ദേശങ്ങൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗത്തി പാലിച്ചിട്ടില്ല. ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധ നിറയ്ക്കുന്നതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്ന് കാണുന്നു. വാഹ ഉപയോഗവുമായി ബന്ധപ്പെട്ട ചെലവുകളും മറ്റ് വിവരങ്ങളും നിരീക്ഷിക്കുന്നത് ഗ്രാമപഞ്ചായത്തിൽ പ്രത്യേക ഫയൽ സൂക്ഷിക്കുന്നില്ല. ലോഗ് ബുക്കിന് പുറ സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകളും തയ്യാറാക്കിയിട്ടില്ല.

- ഡീസൽ, ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഇന്ധനത്തിന്റേയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ

സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയു ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. ആ മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധന ഉപയോഗ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉത്തരവുകളി മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-10 തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

**നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി**

താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ബി.ഡി.ഒ, പട്ടാ ബ്ലോക്ക് പഞ്ചായത്തിന് തുക അക്കൗണ്ട് ട്രാൻസ്ഫർ ആയി നല്കിയിട്ടുണ്ട്. ടി തുകകളു വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രൊജക്റ്റ് നമ്പർ -276/17- പി.എം.എ.വൈ.അധിക വിഹിതം-എസ്.സി.

അടങ്കൽ- 360000/- (പ്ലാൻ (ജനറൽ) – 350000, തനതുഫണ്ട് – 10000)

ചെലവ് - 350000/-

ബിൽ നമ്പർ-4/16-17 350000/16-03-17

2. പ്രൊജക്റ്റ് നമ്പർ-265/17- ഐ.എ.വൈ. അധിക വിഹിതം - എസ്.സി.

അടങ്കൽ-500000/- (പ്ലാൻ (എസ്.സി.പി)-340000, CFC- 160000)

ചെലവ് - 500000/-

ബിൽ നമ്പർ - 1/16-17 340000/23-01-17

2/16-17 160000/21-01-17

ഡി.ഡി നം. 865273/01-02-17 പ്രകാരം 340000/- രൂപ, 865274/01-02-17 പ്രകാരം 160000/- രൂ എന്നിവ പ്രകാരം തുക കൈമാറിയിട്ടുണ്ട്.

3. പ്രൊജക്റ്റ് നമ്പർ-274/17- ഐ.എ.വൈ. അധിക വിഹിതം - എസ്.സി.

അടങ്കൽ-375000/- (പ്ലാൻ (CFC) )

ചെലവ് - 375000/-

ബിൽ നമ്പർ - 3/16-17 375000/08-03-17

മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗ രേഖക ഹാജരാക്കേണ്ടതാണ്.

## 3-11 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്

1. എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതി

